# അമേരിക്കയുടെ 'പ്രതിരോധം'

**ഭൂമിയിലെങ്ങും** തങ്ങളുടെ സൈനികാധിപത്യം ഉറപ്പിക്കുന്നതിനുള്ള തന്ത്രങ്ങളെക്കുറിച്ച് അമേരിക്കൻ നേതൃത്വം ചിന്തിച്ചുതുടങ്ങിയിട്ട് വർഷങ്ങളായി. സീനിയർ ബുഷിന്റെ കാലത്ത് ഉയർന്നുകേട്ട സ്റ്റാർവാർ പദ്ധതി അതിന്റെ ഭാഗമായിരുന്നു. ഭൂമിയിലെ ഏതു പ്രദേശത്തെയും ഏതു നിമിഷത്തിലും ആക്രമിച്ചു നശിപ്പിക്കാൻ കഴിയുംവിധം ബഹിരാകാശത്തെ സൈനികവത്കരിക്കുക. അതിഭീമമായ വിഭവവിനിയോഗവും നൂതനമായ ശാസ്ത്ര സാങ്കേതിക ശേഷികളും ആവശ്യമുള്ള ഈ പദ്ധതി അത്ര പെട്ടന്നൊന്നും പ്രയോഗവത്കരിക്കാവുന്നതല്ല. അതിനുശേഷം ജൂനിയർ ബുഷ് അവതരിപ്പിച്ചതാണ്, ഏതു ലോക രാഷ്ട്രത്തെയും ആക്രമിക്കാൻ പാകത്തിൽ ഭൂമിയിലെങ്ങും, കടലിലും കരയിലുമായി പോർമുനകൾ സ്ഥാപിക്കാനുള്ള പദ്ധതി. ഇറാഖ്-അഫ്ഗാൻ യുദ്ധപശ്ചാത്തലത്തിൽ, ഏഷ്യയുടെയും യൂറോപ്പിന്റെയും ആഫ്രിക്കയുടെയും സംഗമസ്ഥാനമായ ഗൾഫ് മേഖലയിൽ അമേരിക്കൻ സൈനികതാവളങ്ങളും കപ്പൽപടയും വിന്യസിക്കുന്നതിൽ വിജയിക്കുകയുണ്ടായി.

ഇതിന്റെതന്നെ മറ്റൊരു അധ്യായമായിരുന്നു യൂറോപ്യൻ രാജ്യങ്ങളിൽ പ്രതിരോധ മിസൈലുകൾ വിന്യസിക്കാനുള്ള പദ്ധതി. അമേരിക്കയെയും അതിന്റെ സഖ്യ രാജ്യങ്ങളെയും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുക എന്നതായിരുന്നു അതിന്റെ പ്രഖ്യാപിത ലക്ഷ്യം. മിസൈലുകൾ സ്ഥാപിക്കേണ്ട കേന്ദ്രങ്ങളായി ചെക്ക് റിപ്പബ്ലിക്കിനെയും പോളണ്ടിനെയും തെരഞ്ഞെടുക്കുകയും ചെയ്തു. ഇറാനെയും ഉത്തരകൊറിയയെയുമാണ് പടിഞ്ഞാറിന്റെ മുഖ്യ ഭീഷണികളായി ചൂണ്ടിക്കാണിച്ചത്. പ്രചണ്ഡമായ മാധ്യമപ്രചാരണങ്ങളിലൂടെ അവരെക്കുറിച്ചുള്ള ഭയം പാശ്ചാത്യ സമൂഹത്തിൽ വളർത്തുകയും ചെയ്തു. അതൊന്നും പക്ഷേ വേണ്ടത്ര ഫലം ചെയ്തില്ല. പല വേദികളിൽനിന്നും യൂറോപ്പിലെ മിസൈൽ വിന്യാസത്തിനു നേരെ എതിർപ്പുകൾ ഉയർന്നു വന്നു. റഷ്യയും ചൈനയുമായിരുന്നു മുൻപന്തിയിൽ. പോർമുനകൾ വിന്യസിക്കാൻ നേരത്തെ റഷ്യയുടെ ഉപഗ്രഹങ്ങളായിരുന്ന രാഷ്ട്രങ്ങൾ തെരഞ്ഞെടുക്കപ്പെട്ടതും റഷ്യയുടെ അതിർത്തിയോടു ചേർന്ന് അവ വിന്യസിക്കുന്നതുമാണ് റഷ്യയെ ഏറെ ഉത്കണ്ഠപ്പെടുത്തിയത്. അമേരിക്കൻ പോർമുനകളാൽ തങ്ങൾ വലയം ചെയ്യപ്പെടുന്നതിന്റെ പ്രഥമ ചുവടുവെപ്പായിട്ടാണ് റഷ്യ അതിനെ കണ്ടത്. ഇറാന്റെയും ഉത്തര കൊറിയയുടെയും പേര് അതിനുള്ള ഒരു മറ മാത്രമാണെന്ന് അവർ മനസ്സിലാക്കി. കാരണം ഈ രണ്ടു രാഷ്ട്രങ്ങളും, അന്നും ഇന്നും പാശ്ചാത്യ ലോകത്തുനിന്ന് ഇത്ര വിപുലമായ പ്രതിരോധ സന്നാഹം ആവശ്യപ്പെടുന്ന സൈനിക ശക്തികളല്ല. കൂടാതെ വിന്യസിക്കപ്പെടുന്ന മിസൈലുകളുടെ കേന്ദ്ര ലക്ഷ്യം ഈ രാഷ്ട്രങ്ങളല്ലതാനും. അമേരിക്ക മിസൈൽ പദ്ധതിയുമായി മുന്നോട്ടുപോവുകയാണെങ്കിൽ പ്രതികരണമായി തങ്ങൾക്കും ചിലതൊക്കെ ചെയ്യേണ്ടിവരുമെന്ന് റഷ്യ ഭീഷണി മുഴക്കി. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തെ മരവിപ്പു ബാധിച്ചു. പുതിയ സാഹചര്യം ആയുധമത്സരം ചൂടുപിടിക്കാനും ശീതയുദ്ധം പുനരാരംഭിക്കാനും കാരണമായിത്തീരുമെന്ന് റഷ്യ മുന്നറിയിപ്പ് നൽകുകയും ചെയ്തു.

റഷ്യയുടെ നിലപാടിനെ പിന്തുണച്ചുകൊണ്ട് മറ്റു ചില യൂറോപ്യൻ രാജ്യങ്ങൾ കൂടി മുന്നോട്ടുവന്നത് അമേരിക്കയെ കൂടുതൽ പ്രതിസന്ധിയിലാക്കി. കൂടാതെ, യൂറോപ്പ് സ്വന്തമായി പ്രതിരോധ സംവിധാനം ആവിഷ്കരിക്കണമെന്ന ആശയവും ഉയർന്നുവന്നു. ചില കേന്ദ്രങ്ങൾ നാറ്റോയെ ഒഴിവാക്കിക്കൊണ്ടുള്ള യൂറോപ്യൻ പ്രതിരോധത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ തുടങ്ങി.

ഈ എതിർപ്പുകളും പ്രതിഷേധങ്ങളും അമേരിക്കയെ വീണ്ടുവിചാരത്തിനു നിർബന്ധിതമാക്കിയിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നതാണ് പ്രസിഡന്റ് ബറാക് ഒബാമ ഈയിടെ പുറപ്പെടുവിച്ച സുപ്രധാനമായ പ്രസ്താവന. യൂറോപ്പിൽ ആണവമിസൈലുകൾ വിന്യസിക്കാനുള്ള പദ്ധതി തന്റെ ഗവൺമെന്റ് പുനഃപരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം ലോകത്തെ അറിയിച്ചു. കൂടുതൽ ഫലപ്രദവും ചടുലവും ചെലവു കുറഞ്ഞതുമായ പുതിയ പ്രതിരോധ സംവിധാനം ആവിഷ്കരിച്ചുവരികയാണ്. പ്രതിരോധ സന്നാഹം പുനഃസംഘടിപ്പിക്കാൻ നൂതന സാങ്കേതികവിദ്യകൾ തയാറായിരിക്കുന്നു. ഈ തീരുമാനം ചെക്ക് റിപ്പബ്ലിക്കിനെയും പോളണ്ടിനെയും അറിയിച്ചു കഴിഞ്ഞുവെന്നും വൈറ്റ്ഹൗസ് വെളിപ്പെടുത്തുന്നു.

തൽക്കാലം യൂറോപ്പിൽ പോർമുനകൾ വിന്യസിക്കേണ്ടതില്ല എന്ന അമേരിക്കയുടെ തീരുമാനത്തിൽ റഷ്യ സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു. നിരായുധീകരണത്തെയും ലോക സമാധാനത്തെയും ത്വരിപ്പിക്കുക എന്ന നിഷ്കളങ്ക ലക്ഷ്യത്തോടെയാണ് ഒബാമ തീരുമാനമെടുത്തതെങ്കിൽ അത് ലോകത്തെങ്ങുമുള്ള സമാധാന പ്രേമികൾക്ക് ആശ്വാസം പകരുന്നതാണ്. ഒബാമയിൽനിന്ന് ലോകം അത് പ്രതീക്ഷിച്ചിരുന്നതുമാണ്. എന്നാൽ അമേരിക്കക്കകത്ത് പ്രസിഡന്റിന്റെ തീരുമാനം വിമർശനവിധേയമായിരിക്കുന്നു. അദ്ദേഹം അമേരിക്കയുടെ സുരക്ഷയെ അവഗണിക്കുന്നുവെന്നാണ് ആക്ഷേപം. മുൻഗാമികൾ ആവിഷ്കരിച്ച ഭദ്രമായ പ്രതിരോധ സംവിധാനങ്ങളെ ബലഹീനമാക്കിക്കൊണ്ടിരിക്കുകയാണദ്ദേഹം. അമേരിക്കയുടെ സുരക്ഷയെക്കുറിച്ച് ഈ വിമർശകരേക്കാളും തന്റെ മുൻഗാമികളേക്കാളുമെല്ലാം മൂന്നിരട്ടി ജാഗ്രത തനിക്കുണ്ടെന്നാണ് ഒബാമയുടെ മറുപടി. പഴയ പദ്ധതികളുടെ പഴുതുകളടച്ച് ഭദ്രമാക്കുകയാണ് താൻ. വിമർശകരുടെ ആരോപണങ്ങൾ അബദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് അദ്ദേഹം സമർഥിക്കുന്നു.

ഒബാമയുടെ വീണ്ടുവിചാരത്തിൽ റഷ്യയും ചൈനയും സംതൃപ്തി പ്രകടിപ്പിക്കുന്നുണ്ടെങ്കിലും അമേരിക്കയുമായി സഖ്യമില്ലാത്ത മറ്റു രാജ്യങ്ങളുടെ ആശങ്ക വർധിക്കുകയാണ്. ജൂനിയർ ബുഷിന്റെ പദ്ധതി പുനഃസംഘടിപ്പിക്കാനുള്ള കാരണം അതിന്റെ പ്രധാന പോർമുഖം ഇറാൻ, ഉത്തരകൊറിയ തുടങ്ങിയ അപകടകാരികളായ രാജ്യങ്ങളല്ല എന്നതാണെന്ന് ഒബാമ തന്റെ പ്രസ്താവനയിൽ വ്യക്തമാക്കുന്നുണ്ട്. പുതിയ പദ്ധതിയുടെ മുഖ്യ ലക്ഷ്യം ഇത്തരം രാഷ്ട്രങ്ങളായിരിക്കുമെന്നാണതിന്റെ സൂചന. അങ്ങനെയെങ്കിൽ മിസൈൽ വിന്യാസത്തെക്കുറിച്ച് റഷ്യക്കുള്ള സന്ദേഹങ്ങൾ ദൂരീകരിച്ചുകൊണ്ട് അവരുടെ കൂടി സഹകരണത്തോടെ പൗരസ്ത്യ രാജ്യങ്ങളിൽ കൂടുതൽ ശക്തമായ സൈനികാധിപത്യമുറപ്പിക്കുകയാണ് ഒബാമയുടെ ലക്ഷ്യമെന്ന ആശങ്ക അസ്ഥാനത്തല്ല. ■